# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

സ്വകാര്യ എയ്ഡഡ് കോളേജുകൾ - അസിസ്റ്റൻറ് പ്രൊഫസർമാരുടെ നിയമനം - സെലക്ഷൻ കമ്മറ്റിയിലേയ്ക്ക് വിഷയവിദഗ്ധരെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================

## അക്കാദമിക് ബി 1 സെക്ഷൻ

സ.ഉ നം. 5136/ബി1/അക്കാദമിക്/2017 — പ്രിയദർശിനി ഹിൽസ്, 22.08.2017

=====================================================

പരാമർശം.
1) 10.12.2010 തീയതിയിലെ ജി ഓ (പി) നം.392/2010/ഉ വി വ.
2) WP(C) 29253/2012 ഉം അനുബന്ധ കേസുകളിന്മേലുമുള്ള 23.02.2016 തീയതിയിലെ ബഹു. കേരള ഹൈക്കോടതി വിധിന്യായം.
3) 11.08.2017തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗനടപടികളുടെ എക്സ്ട്രാക്റ്റ് (ഇനം നമ്പർ 192/17.08/171851 ).

## ഉത്തരവ്

18.09.2010 തീയതി മുതൽ സംസ്ഥാന സർക്കാർ, പരാമർശം 1 ഉത്തരവ് വഴി നടപ്പാക്കിയ യു ജി സി റെഗുലേഷൻസ് 2010 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ കേരളത്തിലെ സർവ്വകലാശാലകളും കോളേജുകളും ബാധ്യസ്ഥരാണെന്ന് പരാമർശം 2 പ്രകാരം ബഹു കേരള ഹൈക്കോടതി വിധിച്ചിരുന്നു.

ടി വിധിയുടെ അടിസ്ഥാനത്തിൽ, സ്വകാര്യ എയ്ഡഡ് കോളേജുകളിൽ അസിസ്റ്റൻറ് പ്രൊഫസർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് സെലക്ഷൻ കമ്മറ്റിയിലേയ്ക്ക് വിഷയവിദഗ്ധരുടെ പട്ടിക ആവശ്യപ്പെട്ടുകൊണ്ട് വിദ്യാഭ്യാസ ഏജൻസികൾ ലഭ്യമാക്കിയ അപേക്ഷകൾ മാർഗ്ഗനിർദ്ദേശത്തിനായി സിൻഡിക്കേറ്റ് യോഗം മുമ്പാകെ സമർപ്പിച്ചിരുന്നു.

2017 ഓഗസ്റ്റ് 11 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, പരാമർശം 3 പ്രകാരം, സ്വകാര്യ എയ്ഡഡ് കോളേജുകളിൽ അസിസ്റ്റൻറ് പ്രൊഫസർ നിയമനത്തിനായി സർക്കാർ നോമിനിയെ നൽകിയിട്ടുള്ള കോളേജുകൾക്ക് ഇപ്പോൾ തുടർന്ന് പോരുന്ന രീതിയിൽ തന്നെ വിഷയവിദഗ്ധരെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീരാജ് ആർ
അസിസ്റ്റൻറ് രജിസ്ടാർ II (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി.

AcBI/2/1005/2016

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3. കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
4. എല്ലാ സ്വകാര്യ എയ്ഡഡ് കോളേജുകളുടെയും മാനേജർ/പ്രിൻസിപ്പാൾമാർക്കും.

പകർപ്പ്:

1. വൈസ് ചാൻസലറുടെ/പ്രോ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി.
2. രജിസ്ട്രാറുടെ/ പരീക്ഷാ കൺട്രോളറുടെ പി.എ.
3. സർവ്വകലാശാലയുടെ സ്റ്റാൻഡിംഗ് കൗൺസൽ (ലീഗൽ സെക്ഷൻ മുഖേന).
4. എ. സി. ബി. 2 / 5 സെക്ഷൻ
5. ഐ ക്യു എ സി.
6. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ.
7. റെക്കോർഡ്സ് സെക്ഷൻ.
8. കരുതൽ ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No. AcBI/2/1005/2016